# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## വിശുദ്ധയായ സഭയിലെ പാപികളാണ് നമ്മൾ - ഫ്രാൻസീസ് പാപ്പാ



സഭ വിശുദ്ധയാണെന്ന വിശ്വാസപ്രമാണം പാപ്പാ ആവർത്തിച്ചു. അതോടൊപ്പം പാപി കളായ അംഗങ്ങളുടെ കൂട്ടമാണ് സഭയെന്നും പാപ്പാ പറഞ്ഞു. വെള്ളിയാഴ്ചത്തെ കുർബാനയ്ക്കിടയിലായിരുന്നു പാപ്പായുടെ ഈ പ്രസംഗം.

"നമ്മൾ പാപികളാണ്: നമ്മൾ എല്ലാവരും; ഞാനും നിങ്ങളും. എന്നാലും സഭ വിശുദ്ധയാണ്." പാപ്പാ അടിവരയിട്ടു പറഞ്ഞു. ഇത് മനസ്സിലാക്കാൻ ബുദ്ധിമുട്ടാണെ ന്നും പാപ്പാ പറഞ്ഞു."അംഗങ്ങളെല്ലാം പാപികളാണെങ്കിൽ സഭയ്ക്ക് എങ്ങനെ വിശുദ്ധ യായിരിക്കാൻ പറ്റും?" പാപ്പാ ചോദിച്ചു.

അതിനു കാരണം ക്രിസ്തുവാണ്. സഭയെ വിശുദ്ധയാക്കുന്നത് ക്രിസ്തുവാണ്. ഭാഗഭാഗിത്തത്തിലൂടെ വിശുദ്ധരാകാനുള്ള വിളിയാണ് സഭയുടെ എല്ലാ അംഗങ്ങൾക്കും ലഭിച്ചിരിക്കുന്നത്. ഈ വിശുദ്ധി ക്രിസ്തു തരുന്ന ദാനമാണെന്നും പാപ്പാ പറഞ്ഞു.